## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2061

06-02-2019-ൽ മറുപടിയ്ക്ക്

**എൽ.ഡി.എഫ്. സർക്കാർ ആയിരം ദിവസം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി നടത്തുന്ന പരിപാടികൾ**

**ചോദ്യം**

**ശ്രീ.പി.ടി. തോമസ്**

**ശ്രീ. ഐ.സി.ബാലകൃഷ്ണൻ**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീ.സണ്ണി ജോസഫ്**

**മറുപടി**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | എൽ.ഡി.എഫ്. സർക്കാർ ആയിരം ദിവസം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്നറിയിക്കാമോ; | (എ) | സംസ്ഥാന മന്ത്രിസഭയുടെ ആയിരം ദിനം പൂർത്തിയാക്കിയതിന്റെ ആഘോഷ പരിപാടികൾ 2019 ഫെബ്രുവരി 20 മുതൽ 27 വരെയുള്ള ദിവസങ്ങളിലായി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന തലഉദ്ഘാടനം കോഴിക്കോടും സമാപന സമ്മേളനം തിരുവനന്തപുരത്തും വെച്ച് നടത്തുന്നതാണ്. എല്ലാ ജില്ലകളിലും ഒരാഴ്ച നീണ്ടുനിൽക്കുന്ന എക്സിബിഷൻ, വികസന സെമിനാർ, സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതാണ്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി 1000 പുതിയ വികസന ക്ഷേമപദ്ധതികളുടെ ഉദ്ഘാടനവും പൂർത്തീകരിച്ച പദ്ധതികളുടേയും പ്രവൃത്തികളുടേയും ഉദ്ഘാടനവും നടത്തുന്നതാണ്. വികസന കുതിപ്പിന് അനുപൂരകമായി നമുക്ക് ലഭിക്കേണ്ട കേന്ദ്ര പദ്ധതികളുടേയും നിരന്തരം നാം ആവശ്യപ്പെടുന്ന പദ്ധതികളെപ്പറ്റിയും കേരളീയ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് തടസ്സം നിൽക്കുന്നതുമായ വിവിധ വിഷയങ്ങളെപ്പറ്റി വിവരപൊതുജന സമ്പർക്ക വകുപ്പിന്റെ ചുമതലയിൽ വിദഗ്ധരെ അണിനിരത്തിക്കൊണ്ടുള്ള ചർച്ചകൾ 14 ജില്ലകളിലും നടത്തുന്നതാണ്. |
| (ബി) | ഇക്കാര്യത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | ബി) | 954 ലക്ഷം രൂപ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (സി) | സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ സാഹചര്യത്തിൽ ആഘോഷപൂർവ്വമായ ഉദ്ഘാടനങ്ങളും ചടങ്ങുകളും നടത്തി സർക്കാർ ഖജനാവ് കാലിയാക്കുന്നത് പ്രളയാനന്തര കേരളം കെട്ടിപ്പടുക്കുന്നതിന് വിഘാതമാകുമെന്ന ആക്ഷേപം നിലവിലുണ്ടോ; എങ്കിൽ ആഘോഷ പരിപാടികൾ ചെലവ് ചുരുക്കി സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ? | (സി) | ആഘോഷപരിപാടികൾ ചെലവ് കുറഞ്ഞ രീതിയിൽ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**